മനസ്വിനോ നിർജ്ജിതദിഗ്ഗജേന്ദ്രാ മമേതി സർവ്വേ ഭുവി ബദ്ധവൈരാ:
മൃധേ ശയീരന്ന തു തദ്വ്രജന്തി യന്ന്യസ്ത ദണ്ഡോ ഗതവൈരോ/ഭിയാതി (5-13-15)
രഹൂഗുണ ത്വമപി ഹ്യധ്വനോ/സ്യ സംന്യസ്തദണ്ഡ: കൃതഭൂതമൈത്ര:
അസജ്ജിതാത്മാ ഹരിസേവയാ ശിതം ജ്ഞാനാസിമാദായ തരാതിപാരം (5-13-20)

ദിവ്യബ്രാഹ്മണനായ ഭരതൻ തുടർന്നു: വ്യാപാരികളുടെ ഒരുകൂട്ടം സ്വത്തന്വേഷിച്ച് ലൗകീകാസ്തിത്വത്തിന്റെ വനത്തിൽ അലഞ്ഞുതിരിയുന്നു. ആറ് കൊള്ളക്കാർ അവരെ ആക്രമിക്കുന്നു. ചെന്നായ്ക്കളും കൃമികീടങ്ങളും അവരെ ശല്യപ്പെടുത്തുന്നു. മേഘങ്ങൾക്കിടയിൽ ഒരു നഗരം കണ്ട് അവരതിലെ വീടുകളിലും സ്വത്തുക്കളിലും അതീവ മമതയോടെ ജീവിക്കുന്നു. വിശക്കുമ്പോൾ പരസ്പരം യാചിച്ചും അശുദ്ധ വൃക്ഷങ്ങളിലെ ഫലം ഭക്ഷിച്ചും അവർ ജീവിക്കുന്നു. ദാഹമടക്കാൻ ഒരു മരീചികയോ വെള്ളമില്ലാത്ത പൊയ്കയോ തേടി അവരലയുന്നു. കാട്ടുതീയുടെ തീവ്രതയിൽ അവർക്ക് എല്ലാം നഷ്ടമാവുന്നു. സ്വത്തെല്ലാം നഷ്ടപ്പെട്ട് അവർക്ക് ബോധക്ഷയം സംഭവിക്കുന്നു. അവർക്ക് ഒരു മല കയറണമെന്നാഗ്രഹമുണ്ടെങ്കിലും കാലുകളിൽ പുണ്ണു നിറഞ്ഞിരിക്കുന്നു. തേനീച്ചക്കൂട്ടിൽ നിന്ന് അവർ തേനെടുക്കാൻ തുനിയുമ്പോൾ അവയുടെ കുത്തേറ്റ് വേദനയോടെ പുളയുന്നു. ഒരിറ്റു തേൻ കിട്ടിയാലോ, മറ്റുള്ളവരത് തട്ടിക്കൊണ്ടുപോവുന്നു. അവർ പരസ്പരം കച്ചവടത്തിലേർപ്പെടുന്നു. എന്നാൽ അത്യാഗ്രഹം കൊണ്ട് പരസ്പരം ശത്രുതയിലെത്തുന്നു. മറ്റുള്ളവന്റെ സ്വത്താഗ്രഹിച്ച് അതു കിട്ടാതാവുമ്പോൾ ഇച്ഛാഭംഗം വരുന്നു. അവർ ചിലപ്പോൾ വൈവാഹിക ജീവിതത്തിൽ ഏർപ്പെടുന്നു. മരിച്ചുപോയ സഹയാത്രികരെ വിട്ടിട്ട് നവജാതരേയും കൂട്ടി ലക്ഷ്യമേതുമില്ലാത്ത, അവസാനം കാണാത്ത ഈ അലച്ചിൽ അവർ തുടർന്നു കൊണ്ടേയിരിക്കുന്നു.

മനസ്സുറപ്പുള്ളവർ പോലും, ലോകത്തെ കീഴടക്കി മണ്ണിൽ കിടന്നുകൊണ്ട് 'ഇതെന്റേത്' എന്ന തീവ്ര മമതയാൽ കഴിഞ്ഞു കൂടുന്നു. ഇതേ മണ്ണിനു വേണ്ടി അവർ പരസ്പരം വെറുത്തു കഴിയുന്നവരത്രെ. വെറുപ്പുപേക്ഷിച്ച സജ്ജനങ്ങൾ എത്തുന്നിടത്ത് ഇവർ എത്തുകയില്ല. അവർ കിളികൾ മധുരമായി ചിലയ്ക്കുന്ന ചിലേയിടങ്ങളിൽ ചെന്നുചേർന്ന് അവിടവുമായി വിട്ടുപോരാനാവാത്ത അടുപ്പത്തിലാവുന്നു. ചിലപ്പോൾ ചില മൃഗങ്ങളുമായി സൗഹൃദത്തിലാവുന്നു. പിന്നീടവയെ വിട്ട് ഒരു കുരങ്ങനെ കൂട്ടു പിടിക്കുന്നു. ചിലപ്പോൾ മലയിടുക്കുകളിൽ കാലിടറിവീണ് ഏതെങ്കിലും പുൽത്തുരുമ്പിൽ പിടിച്ച്, തിരികെ കയറിവരാൻ ശ്രമിക്കുന്നു. ഇങ്ങിനെ വനപാതയിലൂടെ സഞ്ചരിക്കുന്നവർക്ക് അവരുടെ ജീവിതത്തിന്റെ പരമോന്നതലക്ഷ്യത്തിൽ എത്തുക അസാദ്ധ്യം.

രഹുഗുണാ, നിങ്ങൾ ഈ വനപാതയിലാണിപ്പോൾ സഞ്ചരിക്കുന്നത്. അതുകൊണ്ട് മനസ്സിൽനിന്ന് അക്രമവാസന കളഞ്ഞ് സർവ്വജീവികളുടേയും സുഹൃത്താവുക. നിർമ്മമതയുടെ മാനസീകഭാവത്തോടെ ഭഗവാൻ ഹരിയുടെ ഭക്തനാവുക. വിവേകത്തിന്റെ പടവാളു വീശിക്കൊണ്ട് ജിവിതലക്ഷ്യത്തിലേക്ക് എത്തിച്ചേരുക. ”

വെറും ഒരു മണിക്കൂർ നേരം ഭരതനുമായുണ്ടായ സത്സംഗത്താൽ രാജാവിന്റെ സംശയങ്ങൾ നീങ്ങി, വിവേകമുദിച്ചു. തന്നെനിന്ദിച്ച രാജാവിന് ആത്മോപദേശം നൽകിയ ഭരതൻ പ്രയാണം തുടർന്നു. രഹുഗുണനാകട്ടെ അജ്ഞത നീങ്ങി ശരീരാസക്തിവിട്ട് ആത്മീയതയുടെ പാതയിൽ ജീവിതം നയിച്ചു പോന്നു.